ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നാളെ എന്തുചെയ്യാൻ പോകുന്നുവെന്നു് പറയാൻ നിവൃത്തിയില്ല. ഇപ്പോഴത്തെ എന്റെ പ്രവൃത്തി പുരാതനവസ്തുഗവേഷണം പോലെയാണു്.

ശ്രീ. എ. താണുപിള്ള: എത്ര സ്കൂളുകൾ പുതിയതായി അനുവദിച്ചിട്ടുണ്ടു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അഞ്ചു.

പരീക്ഷാചോദ്യക്കടലാസ്

*൭൫. (൯) ശ്രീ. വി. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഫൈനൽ–ൽ യൂണിവേഴ്സിറ്റിയിലെ പരീക്ഷാചോദ്യക്കടലാസ് പുറത്തായതിനെപ്പറ്റി റിപ്പോർട്ട് ചെയ്യുവാൻ നിയോഗിച്ച കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കിയോ;

(ബി) എന്താണു് റിപ്പോർട്ട്?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഫൈനൽ-ൽ യൂണിവേഴ്സിറ്റിയിലെ പരീക്ഷാചോദ്യക്കടലാസ് പുറത്തായതിനെപ്പറ്റി അന്വേഷിക്കാൻ നിയോഗിച്ച കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ടു്.

(ബി) റിപ്പോർട്ടിന്റെ ഉള്ളടക്കം വെളിപ്പെടുത്തിയില്ല. റിപ്പോർട്ടിലെ ശുപാർശകളെ മേൽ നടപടിക്കായി വൈസ്ചാൻസലർക്കു് അയച്ചുകൊടുക്കും.

ശ്രീ. വി. കെ. വർഗ്ഗീസ്: ആ റിപ്പോർട്ട് എപ്പോഴെങ്കിലും വെളിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള: ഇപ്പോഴത്തെ വൈസ്ചാൻസലർ ആരാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ വൈസ്ചാൻസലർ ഇല്ല.

ശ്രീ. എ. താണുപിള്ള: വൈസ്ചാൻസലർ എന്നുണ്ടാകുമെന്നു പറയാൻ സാധിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇന്നു എനിക്കു് അതു പറയാൻ സാദ്ധ്യമല്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ചോദ്യക്കടലാസ് പുറത്താക്കിയവരുടെ പേരിൽ എന്തെങ്കിലും നടപടി നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എന്തു നടപടിയാണു് നടത്തേണ്ടതെന്നു തീരുമാനിക്കുന്നതിനാണു് റിപ്പോർട്ട് യൂണിവേഴ്സിറ്റിക്കു അയച്ചുകൊടുക്കുന്നതു്.

ഗവൺമെണ്ടു് പ്രസ്സു് സൂപ്രണ്ടു്

*൭൬. (൨൨) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവനന്തപുരത്തു ഗവൺമെണ്ടു് പ്രസ്സു് സൂപ്രണ്ടിന്റെ സ്ഥാനം ഒഴിവായിട്ടു് എത്ര കാലമായി;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മിസ്റ്റർ ഫിലിപ്പിന്റെ അവകാശങ്ങളെ അവഗണിച്ചു മിസ്റ്റർ നാരായണൻനായരെ സൂപ്രണ്ടാക്കിയതിന്മേൽ കൊടുത്തിരുന്ന പരാതിയെ സംബന്ധിച്ചുള്ളതും അധികനാൾ കാണാനില്ലാതിരുന്നതുമായ റിക്കാർഡുകൾ കണ്ടുപിടിച്ചോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) തിരുവനന്തപുരം ഗവൺമെണ്ടു് പ്രസ്സിലെ സൂപ്രണ്ട സ്ഥാനം ഫെബ്രുവരി മേ മാസം വരെ—ഒന്നര- ഒഴിവുവന്നു.

(ബി) ശ്രീ. നാരായണൻനായരെ സൂപ്രണ്ടായി നിയമിച്ചിട്ടില്ല. എന്നാൽ സൂപ്രണ്ടിന്റെ ചാർജ് ശ്രീ. നാരായണൻനായക്കു കൊടുത്തിരുന്നു. അങ്ങനെ ശ്രീ. നാരായണൻനായക്കു് ചാർജ് നല്കിയതിനെപ്പറ്റി ഒരു ശ്രീ. ഫിലിപ്പു യാതൊരു പരാതിയും തന്നിട്ടില്ല. ആയതിനാൽ ഈ ചോദ്യം ഉദിക്കുന്നില്ല.

കായംകുളത്തെ വിദ്യാർത്ഥികളുടെ കല്ലേറു്

*വ്യ. (ഫ) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) കഴിഞ്ഞമാസത്തിൽ കായംകുളം ഹൈസ്കൂളിലെ ഏതാനും വിദ്യാർത്ഥികൾ ഒരു പ്രതിമക്കു് കല്ലേറു നടത്തിയതിൽ ആ സ്കൂളിലെ അദ്ധ്യാപകന്മാർക്കും ഹെഡ്മാസ്റ്റർക്കും അനുഭാവമുണ്ടായിരുന്നു എന്നു സൂചിപ്പിച്ചുള്ള പത്ര റിപ്പോർട്ടുകൾ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ആ സംഭവത്തെപ്പറ്റി ഗവൺമെണ്ടു് അന്വേഷണം നടത്തിയിട്ടുണ്ടോ?

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഈ ചോദ്യത്തിൽ അടങ്ങിയിരിക്കുന്ന കാര്യത്തെപ്പറ്റി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണു് എനിക്കുള്ള അറിവു്. അങ്ങനെ റജിസ്റ്റർ ചെയ്തിരിക്കുന്ന ഒരു കേസിനെ വിഷയമായിരിക്കുന്ന സംഭവം നടന്നതാണോ അല്ലയോ എന്ന ചോദ്യം ഈ സഭയിൽ ഉന്നയിക്കുകയും അതിനു മറുപടി പറയുകയും ചെയ്യുന്നതു് ശരിയാണോ എന്നറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ സ്പീക്കർ: അങ്ങനെ ഒരു കേസ് ഉത്ഭവിച്ചിട്ടുള്ളതായിട്ടു ഇതിൽ കാണുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ ഇപ്പോൾ ഈ സഭയെ ആ വിവരം അറിയിച്ചിട്ടുണ്ടു്. കല്ലേറു നടത്തിയതിൽ അദ്ധ്യാപകന്മാർക്കും ഹെഡ്മാസ്റ്റർക്കും അനുഭാവം ഉണ്ടായിരുന്നു എന്നു സൂചിപ്പിച്ചുള്ള പത്ര റിപ്പോർട്ടുകൾ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്നുള്ള ചോദ്യത്തിൽ ആക്ഷേപകരമായി ഒന്നുമില്ല. ഉത്തരം ചിലപ്പോൾ ആക്ഷേപകരമായി വന്നേയ്ക്കാം. അങ്ങനെ വന്നാൽ ആ ഉത്തരം അനുവദിക്കുകയോ രേഖപ്പെടുത്തുകയോ ചെയ്യുന്നതല്ല.

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) ഗവൺമെണ്ടു് അന്വേഷണം നടത്തിയിട്ടില്ല. ഡിപ്പാർട്ടുമെണ്ടു് അന്വേഷണം നടത്തിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly